11765
10/10/14

കേരള സർക്കാർ
സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ് - ഭരണച്ചെലവുകൾക്കായി നടപ്പ് സാമ്പത്തിക വർഷത്തെ (2014- 15) ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ആദ്യ ഗഡു അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**സാമൂഹ്യനീതി (സി) വകുപ്പ്**

സ.ഉ.(സാധാ)നം.652/2014/സാനീവ തീയതി, തിരുവനന്തപുരം, 31.10.2014.

==========================================================================

പരാമർശം : കേരള സംസ്ഥാമ സാമൂഹ്യക്ഷേമ ബോർഡ് സെക്രട്ടറിയുടെ 25.07.2014 ലെ KSWB2/Accts/State Share/2014-15/192 നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡിന്റെ ഭരണച്ചെലവുകൾക്കായി സംസ്ഥാനവിഹിതമായി നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ 43,38,428/-രൂപ അനുവദിച്ച് നൽകണമെന്ന് പരാമർശത്തിലെ കത്തുപ്രകാരം കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ് സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡിന്റെ ഭരണച്ചെലവുകൾക്കായി 2014 -15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയായ 42.5 ലക്ഷത്തിൽ നിന്ന് 21.5 ലക്ഷം (ഇരുപത്തിയൊന്ന് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) ആദ്യ ഗഡുവായി "2235-02-103-99 അംശദാനം (നോൺപ്ലാൻ)" ശീർഷകത്തിൽ നിന്നും അനുവദിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. സാമൂഹ്യനീതി വകുപ്പിന്റെ അഡീഷണൽ സെക്രട്ടറി കൗണ്ടർസൈൻ ചെയ്ത് ഗ്രാന്റ് ഇൻ എയ്ഡ് ബിൽ പ്രകാരം തുക മാറേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**എൽ.എ. ഗ്രിഗോറിയസ്**
ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ്, ശാസ്തമംഗലം, തിരുവനന്തപുരം
സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ)കേരളം, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (25.10.2014 ലെ അനൗദ്യോഗിക കുറിപ്പ്നമ്പർ 74138/ഡബ്ല്യു.ഡബ്ല്യു2/14/ധന പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി )
കരുതൽ ശേഖരം/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ